(എഫ്) സംസ്ഥാനത്തെ ജലനയം 1992-ൽ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ 2002-ലെ ദേശീയ ജലനയത്തിന് അനുസൃതമായി സംസ്ഥാനത്തെ ജലനയവും പരിഷ്കരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കിണറുകളിലെയും തോടുകളിലെയും വെള്ളം ഉപയോഗയോഗ്യമാക്കുവാൻ നടപടി

*10 [40] ശ്രീ. ലൂഡി ലൂയിസ് :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, വർക്കല കഹാർ :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളും, തോടുകളും മലിനമായതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തുള്ള കിണറുകളിലേയും കുളങ്ങളിലേയും ജലം ഉപയോഗയോഗ്യമാണോ എന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രശതമാനം കിണറുകളിലും കുളങ്ങളിലും ശുദ്ധജലം ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കിണറുകളിലെയും കുളങ്ങളിലെയും വെള്ളം ഉപയോഗയോഗ്യമാണോ എന്ന് പഠനങ്ങളൊന്നും നടത്തിയിട്ടില്ലാത്ത പക്ഷം ഇതു സംബന്ധിച്ച പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ജലസ്രോതസ്സിലെ വെള്ളം ഉപയോഗയോഗ്യമാക്കുന്നതിനുള്ള ഒരു പരിപാടിക്ക് രൂപം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇപ്രകാരം സമഗ്ര പഠനം നടത്തിയിട്ടില്ല. എന്നാൽ ജലവിഭവ വികസന വിനിയോഗകേന്ദ്രം (CWRDM) പ്രാദേശികമായ ചില പഠനങ്ങൾ ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്തെ 979 ഗ്രാമപഞ്ചായത്തുകളിൽ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് സാമ്പിൾ പഠനം നടത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കേരള വാട്ടർ അതോറിറ്റിയുടെ പഠനത്തിൽ ആകെ 10037 സാമ്പിളുകൾ പരിശോധിച്ചതിൽ 2829 എണ്ണത്തിൽ അയൺ, ക്ലോറൈഡ്, ഫ്ലൂറൈഡ്, നൈട്രേറ്റ്, അഴ്സനിക് എന്നീ രാസവസ്തുകൾ അനുവദനീയമായ നിരക്കിൽ കൂടുതലായി കാണപ്പെട്ടു. 7208 സാമ്പിളുകളിൽ (72%) മേൽപ്പറഞ്ഞ രാസവസ്തുക്കൾ അനുവദനീയമായ നിരക്കിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ തുറസ്സായ കിണറുകളുടെ ഗുണ നിലവാരത്തെക്കുറിച്ച് പഠിക്കാൻ വാട്ടർ സാനിട്ടേഷൻ പ്രോഗ്രാമുമായി ചേർന്ന് സി.ഡബ്ല്യു. ആർ. ഡി. എം. ഒരു രൂപരേഖ തയ്യാറാക്കി വരുന്നുണ്ട്. ഇതിന് ധന സഹായം ലഭിച്ചാൽ കേരളത്തിലെ പ്രത്യേകിച്ച് ഗ്രാമങ്ങളിലെ കിണറുകളുടെ ഗുണ നിലവാരവും, സാനിട്ടേഷൻ പ്രശ്നങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ വിവരങ്ങളും ലഭിക്കും എന്ന് കരുതുന്നു. ഇത് കൂടാതെ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ് -ഉം കേരളത്തിലെ ജലസ്രോതസ്സുകളുടെ ഗുണ നിലവാരത്തെക്കുറിച്ച് പഠിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹായത്തോടെ നടത്തി വരുന്ന ഒരു പ്രോജക്ടിൽ ചെലവുകുറഞ്ഞ ജലശുദ്ധീകരണമാർഗ്ഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്ത്രീകളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരം, കോട്ടയം, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ലളിതമായ ജലശുദ്ധീകരണ മാർഗ്ഗങ്ങൾ, ജലജന്യരോഗങ്ങളും പ്രതിവിധികളും എന്നീ വിവിധ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ളാസ്സുകൾ എടുക്കുകയും, ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ കരാർ

*11 [41] ശ്രീ. ജോണി നെല്ലൂർ :
,, കെ. കെ. ഷാജു :
,, ഷിബു ബേബിജോൺ :
,, എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് സംസ്ഥാന ജലവിഭവ വകുപ്പും തമിഴ്നാടും എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കരാറിലെ മാറ്റം ആവശ്യമുള്ള ചില വ്യവസ്ഥകൾ സംബന്ധിച്ച് ഏകദേശ ധാരണയിൽ എത്തിയിട്ടുണ്ട്. എങ്കിലും വിശദാംശങ്ങൾ സംബന്ധിച്ച് പൂർണ്ണ ധാരണ കൈവന്നിട്ടില്ല.

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതു സംബന്ധിച്ച ചർച്ചകൾ അവസാനഘട്ടത്തിലെത്തിയിട്ടുണ്ട്. മന്ത്രിതല ചർച്ചകൾ 10-11-2003-ന് ചെന്നൈയിൽ വച്ചും 4-1-2004-ന് തിരുവനന്തപുരത്തുവച്ചും നടക്കുകയുണ്ടായി. മുഖ്യമന്ത്രിതലത്തി

LIBRARY ARCHIVES Kerala Legislative Assembly